കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

തുവൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: **dompm.ksad@kerala.gov.in**
ഫോൺ : **0483-2734951**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം (24)/1835/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 07/11/2024
ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തുവൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തുവൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തുവൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: (24)/1835/24 കെ.എസ്.എ.എം.പി.എം തീയ്യതി: 07/11/2024

മലപ്പുറം ജില്ലയിലെ തുവൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തുവൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-10-2023 മുതൽ 18-08-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-08-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. ചിത്രലേഖ. കെ. കെ, കെ.എ.എസ്	ഡെപ്യൂട്ടി ഡയറക്ടർ	19-08-2024	30-08-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
19-08-2024	30-08-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീ.നസ്സീർ .ടി.കെ., ഓഡിറ്റ് ഓഫീസർ
2.ശ്രീ. സന്തോഷ് പി.ടി., അസി.ഓഡിറ്റ് ഓഫീസർ
3.ശ്രീ. ഷാജഹാൻ ഖുറൈശി എം., അസി.ഓഡിറ്റ് ഓഫീസർ
4.ശ്രീമതി. ഷീബ പി., ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. പി.ടി.ജ്യോതി	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീ. കെ.അബ്ദുൽ ഷുക്കൂർ	സെക്രട്ടറി	01-04-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. ഷഫീഖ്.എം	കൃഷി ഓഫീസർ	01-04-2023	31-03-2024
ഡോ. അൻവർ.കെ.പി	വെറ്ററിനറി സർജൻ	01-04-2023	11-07-2023
ഡോ. കവിത കെ.	വെറ്ററിനറി സർജൻ	12-07-2023	31-03-2024
ശ്രീമതി. സ്വപ്ന.വി.എസ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	26-09-2023
ശ്രീ. സാബിത്ത് പി.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	27-09-2023	31-03-2024
ഡോ. അബ്ദുൽ അസീസ്	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)	01-04-2023	03-07-2023
ഡോ. സജിന പി.	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	04-07-2023	31-03-2024
ശ്രീമതി. സിദ്റത്തുൽ മുൻതഹ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2023	30-04-2023
		11-08-2023	31-03-2024
ശ്രീമതി. സഫിയ കെ.	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-05-2023	22-07-2023
ശ്രീമതി. സൈനബ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	23-07-2023	10-08-2023
ശ്രീമതി. ഷൈനി കെ. പോൾ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	06-08-2023
ശ്രീ. അഭിജിത്ത് എം. ജി.	അസിസ്റ്റന്റ് എഞ്ചിനീയർ	07-08-2023	31-03-2024
ശ്രീമതി.നസീമ.കെ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	31-03-2024
ഡോ.സിന്ദുൽ എൻ.എൻ	മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)	01-04-2023	16-08-2023
ഡോ. മുഹമ്മദ് ഷഫീക്ക് എം.	മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)	17-08-2023	31-03-2024
ശ്രീ.ഗോപാല കൃഷ്ണൻ	ഹെഡ് മാസ്റ്റർ	01-04-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.	1-1-1
3	കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുക വ്യത്യാസം	1-1-2
4	രജിസ്റ്ററുകൾ ഓഡിറ്റിന് കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിച്ചിട്ടില്ല.	1-1-3
5	തേയ്മാനം കണക്കാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.	1-1-4
6	വാർഷിക കണക്കിൽ ദശാംശ രൂപത്തിൽ തുകകൾ രേഖപ്പെടുത്തിയിരിക്കുന്നു	1-1-5
7	ബജറ്റ്	1-2
8	സാമ്പത്തിക നില	1-3
9	ഫണ്ട് വിനിയോഗം (ACR പ്രകാരം)	1-4
10	പദ്ധതി അവലോകനം	1-5
11	തൊഴിലുറപ്പ് പദ്ധതി	1-6
12	ക്ഷേമപദ്ധതികൾ	1-7
13	കൃാഷ് പരിശോധന	1-8
14	ആഭ്യന്തര നിയന്ത്രണം	1-9
15	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
16	"ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ-മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ"- അവലോകനം	1-11
17	തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്	1-12
18	ടർഫിന് വസ്തുനികുതി ചുമത്തിയിട്ടില്ല.	1-13
19	മുൻകൂറുകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്	1-14
20	പൊതു കുടിവെള്ള ടാപ്പുകൾ -സംയുക്ത പരിശോധന നടത്തേണ്ടതാണ്.	1-15
21	തെരുവ് വിളക്ക് -സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ -സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്.	1-16
22	ലൈബ്രറി സെസ്സ് അടവാക്കൽ -സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.	1-17
23	അക്രഡിറ്റഡ് ഏജൻസി മുഖേന തെരുവ് വിളക്ക് സ്ഥാപിക്കൽ - അപാകതകൾ	1-18
24	കുടിവെള്ള പദ്ധതിക്ക് മോട്ടോർ -അപാകതകൾ	1-19-1
25	കുടിവെള്ള പദ്ധതി മോട്ടോർ മാറ്റൽ- അപാകതകൾ	1-19
26	അഗതി രഹിത കേരളം -അവലോകനം	1-20
27	ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ഡെപ്പോസിറ്റ്- വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.	1-21
28	ജൽജീവൻ മിഷൻ -തുടർ നടപടി വിവരം ലഭ്യമാക്കിയിട്ടില്ല	1-22
29	FHC ക്ക് ആംബുലൻസ് വാങ്ങൽ -സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്.	1-23

30	മാലിന്യ സംസ്കരണം -പ്രൊജക്ടുകൾ നടപ്പിലാക്കിയില്ല	1-24
31	അംഗനവാടികളുടെ അടിസ്ഥാന സൗകര്യം നടപടി സ്വീകരിക്കേണ്ടതാണ്.	1-25
32	വൃദ്ധർക്ക് കട്ടിൽ -അപാകതകൾ	1-26
33	പോഷകാഹാര വിതരണം-അപാകതകൾ	1-27
34	ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് -മതിയായ തുക വകയിരുത്തിയില്ല.	1-28
35	ജി.ഐ.എസ് മാപ്പിങ് -പുരോഗതി വിവരം ലഭ്യമാക്കിയിട്ടില്ല.	1-29
36	മൃഗാശുപത്രി കെട്ടിടം നവീകരണം - പൂർത്തിയാക്കിയിട്ടില്ല.	1-30
37	പഞ്ചായത്ത് വാഹനം "VEELS"ൽ രജിസ്റ്റർ കാലികമാക്കിയിട്ടില്ല.	1-31
38	പഞ്ചായത്ത് വാഹനം ലോഗ് ബുക്ക് -അപാകതകൾ	1-32
39	മരാമത്ത് പ്രവത്തി വൈകിയതിന് പിഴ ഈടാക്കിയില്ല	1-33
40	കെട്ടിടം പൊളിച്ച് മാറ്റൽ -തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.	1-34
41	അപകടകരമായ അവസ്ഥയിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ കാലതാമസം കൂടാതെ നടപ്പിലാക്കേണ്ടതാണ്.	1-35
42	പൊതുമരാമത്ത് പ്രവൃത്തികൾ - അവലോകനം	1-36
43	സ്പിൽ ഓവർ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല	1-37
44	അസി.എഞ്ചിനീയർ കാഷ്ബുക്ക് സൂക്ഷിക്കുന്നതിലെ അപാകതകൾ	1-38
45	എസ്.എസ്.കെ. വിഹിതം അടവാക്കൽ - രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തടസ്സം ചെയ്യുന്നു	1-39
46	മരുന്ന് വാങ്ങൽ പദ്ധതികൾ - പൂർണ്ണമായി മരുന്ന് ലഭ്യമായതിന്റെ വിവരം അറിയിക്കേണ്ടതാണ്	1-40
47	വാഹന വാടക നൽകിയത് -1% TDS ചെയ്തിട്ടില്ല	1-41
48	തുല്യത പരീക്ഷ -പദ്ധതി നടപ്പാക്കാതിരുന്നതിന്റെ കാരണം അറിയിക്കേണ്ടതാണ്	1-42
49	മെൻസ്ട്രൽ കപ്പ് വിതരണം -തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്	1-43
	ഭാഗം 2	
	--- No Records Found ---	
	ഭാഗം 3	
	--- No Records Found ---	
	ഭാഗം 4	
1	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ /വായ്പ തിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.	4-8
9	ചാർജ്/സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10

11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	വാർഷിക കണക്ക് സംക്ഷിപ്തം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. തുവ്വൂർ ഗ്രാമ പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 05.07.2024 തീയതിയിലെ 2 നം. തീരുമാനം പ്രകാരം അംഗീകരിച്ച് 09.07.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തുവ്വൂർ ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

സ്ഥലം : മലപ്പുറം
തീയതി:07-11-2024

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുക വ്യത്യാസം

ക്യാഷ് ഫ്ലോ പത്രികയിലെ Net Cash Generated By Operating Activities, Investing Activities And Financing Activities ആയി രേഖപ്പെടുത്തിയ തുകയും (6,15,47,852/-) Net Increase /(Decrease) In Cash And Cash Equivalentsആയി രേഖപ്പെടുത്തിയ തുകയും (1,83,89,161) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 രജിസ്റ്ററുകൾ ഓഡിറ്റിന് കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിച്ചിട്ടില്ല.

1.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.
2.അഡ്വാൻസ് രജിസ്റ്ററിൽ മുന്നിരിപ്പിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.
3.ഡെപ്പോസിറ്റ് രജിസ്റ്റർ ഓഡിറ്റിന് കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ ഇനം തിരിച്ച് വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
4.ഓഡിറ്റ് റിക്കവറി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

1-1-4 തേയ്മാനം കണക്കാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ബാലൻസ് ഷീറ്റ് B-11(a) പ്രകാരമുള്ള Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Asset, Life Time Of Asset Etc) പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. [2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58 – 4 (ജി)].

1-1-5 വാർഷിക കണക്കിൽ ദശാംശ രൂപത്തിൽ തുകകൾ രേഖപ്പെടുത്തിയിരിക്കുന്നു

കേരള അക്കൗണ്ട്സ് റൂൾസ്-2011 -ചട്ടം 62(4) പ്രകാരം വാർഷിക കണക്കിലെ തുകകൾ പൂർണസംഖ്യയായി മാത്രം രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിൽ ദശാംരൂപത്തിൽ സംഖ്യകൾ രേഖപ്പെടുത്തിയിട്ടുണ്ട്. (ഇത് സംബന്ധിച്ച ഓഡിറ്റ് എൻകവറിക്ക് (എൻകവറി നം. 22/ 23.08.2023) 2022-23 മുതൽ ILGMS നിലവിൽ വന്നപ്പോൾ ലോക്കൽ സാംഖ്യയിലെ വിവരങ്ങൾ ILGMSലേക്ക് ട്രാൻസ്ഫർ ചെയ്തപ്പോൾ ലോക്കൽ സാംഖ്യയിലെ ദശാംശരൂപത്തിലുള്ള തുകകൾ ILGMSലും വന്നതാണെന്നും ആയത് ഒഴിവാക്കാൻ കഴിയുന്നില്ലായെന്നും മറുപടി ലഭ്യമാക്കി.)

1-2 ബജറ്റ്

2023-24 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ./ തിയ്യതി	(പുതുക്കിയത്) തീരുമാന നമ്പർ./ തിയ്യതി
1 / 13.3.2023	2(1) / 26.2.2024

1-3 സാമ്പത്തിക നില

ഇനം	തുക
മുന്നിരിപ്പ്	44989889
വരവ്	228589423
ആകെ	273579312
ചെലവ്	210200262
നീക്കിയിരിപ്പ്	63379050

കുറിപ്പ്:-വാർഷിക കണക്ക് റസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രികയിലെ തുകകളോടൊപ്പം ഈ പത്രികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത വിവിധ ഗ്രാന്റ് ഇനങ്ങളുടെ ട്രഷറി മുഖേനയുള്ള തുകകൾ ,

പെൻഷൻ ഇനങ്ങളിലെ തുകകൾ, തൊഴിലുറപ്പ് പദ്ധതിയുടെ EFMS എന്നിവ കൂടി ഉൾപ്പെടുത്തിയാണ് വിവരം ചേർത്തിട്ടുള്ളത്.

1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

ഫണ്ടിനം	മുൻബാക്കി	വരവ് തുക	ആകെ തുക	ചെലവ് തുക	നീക്കിബാക്കി
വികസന ഫണ്ട് (ജനറൽ)	0	23427445	23427445	23382636	44809
വികസന ഫണ്ട് (എസ്.സി.പി)	0	7308458	7308458	7308171	287
വികസനഫണ്ട് (ടി.എസ്.പി)	0	190027	190027	190027	0
സംരക്ഷണ ഗ്രാന്റ് (റോഡ്)	0	14267500	14267500	13511478	756022
സംരക്ഷണ ഗ്രാന്റ് (റോഡിതരം)	0	5254000	5254000	4682291	571709
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Tied	0	3282500	3282500	5238782	-1956282
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Un Tied	0	4377000	4377000	2601293	1775707

1-5 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ചത് (എണ്ണം)	അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	ചെലവഴിച്ച തുക	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ %
252	264426902	162	113722984	90	64.28

കുറിപ്പ്-സുലേഖ ചെലവ് പത്രിക പ്രകാരമുള്ള വിവരങ്ങളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണ ചെലവുകൾ	0	1187777	1187777	1184929	2848
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	34213192	34213192	34213192	0

1-7 ക്ഷേമപദ്ധതികൾ

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	0	0
കർഷക തൊഴിലാളി വേതനം	2200400	195
വിധവാപെൻഷൻ	13337900	1224
വാർദ്ധക്യകാല പെൻഷൻ	20452200	1944
വികലാംഗ പെൻഷൻ	4626100	414

വിവാഹ ധനസഹായം	270000	9
50 വയസ്സിനു മുകളിൽ സഹായം	1084800	95

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.08.2024 ന് 11.35 Pm മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1140/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

1). സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല.
2). സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകളുടെ വിവരവും രജിസ്റ്ററിൽ ലഭ്യമല്ല.സ്ട്രീറ്റ് മെയിൻ പൂർത്തീകരിച്ചിട്ടില്ല
3). കമ്പ്യൂട്ടർ പ്രന്ററുകൾ,യു പി എസ്,മൗസ്, തുടങ്ങിയ ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
4). അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല.
5). പൊതു ടാപ്പുകളുടെ യഥാർത്ഥ വിവരം സംബന്ധിച്ച് സംയുക്ത പരിശോധ നടത്തിയിട്ടില്ല.
6). അക്രഡിറ്റഡ് ഏജൻസി മുഖേനയുള്ള പർച്ചേസുകൾ സർക്കാർ ഉത്തരവ് പാലിക്കുന്നില്ല
7) ഹെഡ്മാസ്റ്റർ കാഷ്ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല.
8)അസി. എഞ്ചിനീയർ നിർവ്വഹണം നടത്തുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	12.12.2022	10/22 To 11/22	12.12.2022
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	28.12.2007	1997-98 മുതൽ 2006-07 വരെ	28.01.2008

1-11 "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ-മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ"- അവലോകനം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 07.06.2024 ലെ ഡി.കെ.എസ്.എ.471/സി.എ.ആർ.3/2024 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്"ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ " എന്ന വിഷയം സംബന്ധിച്ച് തുവ്വൂർ ഗ്രാമ പഞ്ചായത്തിലെ ഹരിതകർമ്മ സേനയുമായും മാലിന്യ സംസ്കരണവുമായും ബന്ധപ്പെട്ട വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

1) അടിസ്ഥാന വിവരങ്ങൾ

1)പഞ്ചായത്തിലെ ആകെ ജനസംഖ്യ	29991
2)ആകെ വാർഡുകളുടെ എണ്ണം	17
3)പഞ്ചായത്തിലെ ആൾ താമസമുള്ള വീടുകളുടെ എണ്ണം	7641
4)പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം	425
5) ഹരിത കർമ്മസേനയിലെ അംഗങ്ങളുടെ എണ്ണം	26
6)വാർഡിലെ എല്ലാ ഭവനങ്ങളും സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടുണ്ടോ	ഇല്ല

2) മാലിന്യ ശേഖരണ കാര്യക്ഷമത

വാർഡ് പതിമൂന്നിൽ ഉള്ള സ്വന്തം സ്ഥലത്താണ് നിലവിൽ MCF പ്രവർത്തിക്കുന്നത്. ഹരിതകർമ്മ സേനാംഗങ്ങൾ 26 പേരാണുള്ളത്. എല്ലാ മാസവും 15 വാർഡുകളിൽ ഹരിതകർമ്മ സേനാംഗങ്ങൾ എത്തുന്നു. മാലിന്യ ശേഖരണത്തിന് കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. ആയത് പ്രകാരം ഗ്രാമ പഞ്ചായത്തിലെ എല്ലാ ഭവനങ്ങളെയും സ്ഥാപനങ്ങളെയും മാലിന്യ ശേഖരണത്തിൽ ഉൾപ്പെടുത്തുകയും അവയിൽ ഹരിതമിത്രം QR കോഡ് പതിക്കുകയും ചെയ്തിട്ടുണ്ട്. വാടകക്കെടുത്ത വാഹനവും ഗ്രാമപഞ്ചായത്തിന്റെ സ്വന്തം ഇലക്ട്രിക് വാഹനവും ഉപയോഗിച്ച് വാർഡുകളിൽ നിന്നും ഹരിത കർമ്മസേനാംഗങ്ങൾ ശേഖരിച്ച അജൈവ മാലിന്യം MCF ൽ എത്തിക്കുന്നു. ഓരോ വാർഡിലും ഹരിത കർമ്മസേനക്ക് കീഴിൽ കൊണ്ടുവന്ന സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു .

വാർഡ് നമ്പർ	ഹരിത കർമ്മസേനക്ക് കീഴിൽ വന്ന ഭവനങ്ങളുടെ ശതമാനം	ഹരിത കർമ്മസേനക്ക് കീഴിൽ വന്ന സ്ഥാപനങ്ങളുടെ ശതമാനം
1	99	100
2	98	66
3	99	66
4	99	100
5	99	100
6	99	100
7	98	76
8	99	70
9	98	88
10	98	96
11	99	90
12	99	100
13	99	69
14	99	100
15	99	74
16	99	50
17	99	50

3)മാലിന്യ വേർതിരിവ് പാലിക്കൽ

ശേഖരിച്ച മാലിന്യങ്ങൾ എം.സി.എഫിലേക്ക് എത്തിച്ച ശേഷമാണ് കാര്യമായി സെഗ്രിഗേഷൻ നടത്തുന്നത്. ഉറവിടത്തിൽ തന്നെ സെഗ്രിഗേഷൻ നടത്തി ഇനം തിരിച്ച് മാലിന്യം ഹരിത കർമ്മസേനയ്ക്ക് കൈമാറുന്നതിനു വേണ്ടി പൊതുജനങ്ങൾക്ക് നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ടെങ്കിലും പൂർണ്ണമായി പാലിക്കപ്പെടുന്നില്ല. റിജക്ടഡ് വേസ്റ്റ് ശുദ്ധി സൊലൂഷൻസ്-നിലമ്പൂർ എന്ന ഏജൻസിക്കാണ് കൈമാറുന്നത്. മറ്റുള്ളവ ലോക്കൽ മാർക്കറ്റിലാണ് നൽകുന്നത്.

4) റീസൈക്ലിംഗ്

പുനരുപയോഗം സാധ്യമാകുന്ന വസ്തുക്കൾ ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുന്നുണ്ട്. ലാൻഡ്ഫില്ലുകളിൽ (പാതയോരങ്ങളിലും പൊതു ഇടങ്ങളിലും വഴിയോരത്ത് സ്ഥാപിച്ചിട്ടുള്ള ബിന്നുകൾ, ജല സ്രോതസ്സുകൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന മിക്സഡ്/ലെഗസി മാലിന്യം) നിന്നും ലഭിക്കുന്ന മാലിന്യത്തിൽനിന്നും പുനരുപയോഗാർഹമായവ ലഭ്യമാകുന്നില്ല. റീസൈക്ലിംഗ് പ്രോസസ് ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്നില്ല.

5) കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനായി 5 ബോധവൽക്കരണ കാമ്പയിൻ ഗ്രാമപഞ്ചായത്തിൽ നടത്തിയിട്ടുണ്ട്. ഹരിതകർമ്മസേനയോടൊപ്പം, വ്യാപാരി-വ്യവസായികൾ, ക്ലബുകൾ, വായനശാല, ആശ വർക്കേഴ്സ്, അംഗൻവാടി ജീവനക്കാർ, തൊഴിലുറപ്പ് തൊഴിലാളികൾ തുടങ്ങിയവർ ആയതിൽ ഭാഗവാക്കായി.

6)തൊഴിൽ സൃഷ്ടിക്കൽ

ഹരിത കർമ്മസേനാംഗങ്ങൾക്കും വാഹന ഡ്രൈവർക്കും പ്രത്യക്ഷമായും, റിജക്ടഡ് വേസ്റ്റ് പരിപാലിക്കുന്ന ഏജൻസിയിലെ ജീവനക്കാർക്ക് പരോക്ഷമായും തൊഴിൽ നല്കുന്നതിന് സാധിക്കുന്നു. ശരാശരി 12000 രൂപയോളം പ്രതിമാസം വേതനയിന

ത്തിൽ ഓരോ ഹരിതകർമ്മസേനാംഗങ്ങൾക്കും ലഭ്യമാകുന്നുണ്ട്. നിലവിൽ വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിക്കേണ്ടി വരുന്നില്ല.

7) അടിസ്ഥാന സൗകര്യ വികസനം

നിലവിൽ വാർഡ് 13-ലെ ഒരു സ്ഥിരം MCF മാത്രമാണ് ഗ്രാമപഞ്ചായത്തിൽ ഉള്ളത്. വാർഡ് 6ൽ ഒരു MCF കൂടി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. പഞ്ചായത്തിന്റെ സ്വന്തം സ്ഥലത്തെ കെട്ടിടത്തിലാണ് MCF പ്രവർത്തിക്കുന്നത്. മാലിന്യം നീക്കം ചെയ്യുന്നതിന് വാടകക്കെടുത്ത വാഹനവും ഗ്രാമപഞ്ചായത്തിന്റെ സ്വന്തം ഇലക്ട്രിക് വാഹനവും ഉപയോഗിക്കുന്നു. ഹരിത കർമ്മ സേനാംഗങ്ങൾക്ക് ആവശ്യമായ ഗംബൂട്ടുകൾ, കയ്യുറകൾ എന്നിവ വിതരണം ചെയ്തിട്ടുണ്ട്. നിലവിലുള്ള MCF ൽ ഹരിത കർമ്മസേനക്കാവശ്യമായ ഓഫീസ് സൗകര്യം ഉണ്ട്. എന്നാൽ സോർട്ടിംഗ് ടേബിൾ നൽകിയതായി കാണുന്നില്ല. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 2 മിനി എംസിഎഫുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ മാലിന്യ സംസ്കരണത്തിനായി ബയോബിന്നുകളും വിതരണം ചെയ്തിട്ടുണ്ട്.

8)പാരിസ്ഥിതിക ആഘാതം

പ്ലാസ്റ്റിക് മാലിന്യം കത്തിക്കുന്നതായി ലഭിച്ച നിരവധി പരാതികളിൽ ആദ്യഘട്ടമെന്ന നിലയിൽ നോട്ടീസ് നൽകി, ബോധവൽക്കരണം നടത്തി അത്തരം പ്രവണതകൾ അവസാനിപ്പിച്ചു. നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ വിൽക്കുന്നത് സംബന്ധിച്ച് കടകളിൽ നിശ്ചിത ഇടവേളകളിൽ പരിശോധന നടത്തിവരുന്നുണ്ട്. അപാകതകൾക്ക് ഫൈൻ ഈടാക്കുന്നുണ്ട്.

9) പരിശീലനവും വികസനവും

ഹരിത കർമ്മ സേനാംഗങ്ങൾക്ക് മാലിന്യ സംസ്കരണത്തിൽ അവരുടെ കഴിവുകളും അറിവും വർദ്ധിപ്പിക്കാനും തുടർച്ചയായ പുരോഗതിയും പ്രൊഫഷണൽ വികസനവും ഉറപ്പാക്കാനും വേണ്ടി കില-യുടെ കീഴിൽ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്.

10) നിയമങ്ങൾ പാലിക്കൽ

മാലിന്യനിർമ്മാർജ്ജനം, ശുചീകരണം എന്നിവ സംബന്ധിച്ച നിയമങ്ങൾ ജനങ്ങളെ ബോധവല്കരിക്കുന്നതിന് ക്ലാസുകളും സെമിനാറുകളും നടത്തിയിട്ടുണ്ട്. ഓൺലൈൻ മീഡിയ, നോട്ടീസുകൾ മുതലായവ വഴിയും പ്രചാരണം നടത്തിയിട്ടുണ്ട്. നിയമ ലംഘനം കണ്ടെത്തുന്നതിന് പഞ്ചായത്ത് തല സ്കാഡുകൾ നിശ്ചിത ഇടവേളകളിൽ പരിശോധനകൾ നടത്തി വരുന്നു.

11) ഹരിത കർമ്മ സേനാംഗങ്ങളുടെ പ്രവർത്തനം

മിക്ക മാസങ്ങളിലും പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, അസി.സെക്രട്ടറി, ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, സി.ഡി.എസ്. ചെയർപേഴ്സൺ, നിർവ്വഹണ ഉദ്യോഗസ്ഥൻ, ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ കൃത്യമായി റിവ്യൂ മീറ്റിംഗ് പഞ്ചായത്തിൽ വച്ച് നടത്തി ഹരിത കർമ്മ സേനയുടെ പ്രവർത്തനം വിലയിരുത്തി പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ജനങ്ങളുടെ അവബോധമില്ലായ്മ, ഹരിതമിത്രം ആപ്പ് ഉപയോഗിക്കുന്നതിലുള്ള പ്രശ്നങ്ങൾ എന്നിവ ഹരിത കർമ്മസേനയുടെ സുഗമമായ പ്രവർത്തനങ്ങളിൽ തടസ്സമാകുന്നുണ്ട്. ഗ്രാമപഞ്ചായത്തിലെ 17 വാർഡുകളിലേയ്ക്ക് 26 ഹരിത കർമ്മസേന അംഗങ്ങളാണുള്ളത്. അംഗങ്ങളുടെ കുറവ് മൂലം വാർഡ് ഒന്നിന് 2 പേരെ വീതം വിന്യസിക്കാൻ കഴിയുന്നില്ല. ആയതിനാൽ സമയബന്ധിതമായി സെഗ്രിഗേഷൻ പൂർത്തീകരിക്കാൻ കഴിയുന്നില്ല എന്ന് കാണുന്നു.

മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF)

1)അടിസ്ഥാന വിവരങ്ങൾ

1) MCF(സ്ഥിരം) എണ്ണം	1
2)ബെയ്ലിംങ് യുണിറ്റുകൾ ഉണ്ടോ ?	ഇല്ല
3) അവയുടെ വാർഡ് തിരിച്ചുള്ള എണ്ണം	1
4)അവ പ്രയോജനപ്പെടുത്തുന്നുണ്ടോ ?	ഉണ്ട്
5)അവയ്ക്ക് അടിസ്ഥാന	ഉണ്ട്

സൗകര്യങ്ങൾ ഉണ്ടോ? (ടിപ്പിങ് ഏരിയ, സ്റ്റോറേജ് ഏരിയ, സോർട്ടിങ് ഏരിയ, മെഷിനറി ഏരിയ, ശുചിമുറി തുടങ്ങിയവ)	
6)അവ സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ വിവരങ്ങൾ	വാർഡ് 13 തെക്കുംപുറം
7)അവയിലേക്ക് റോഡ് ഗതാഗത സൗകര്യം ലഭ്യമാണോ ?	ഉണ്ട്
8) അവയുമായി ബന്ധപ്പെട്ട് സാമൂഹിക പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടോ?	മാലിന്യം കെട്ടിക്കിടക്കുന്നത് കാരണം എലി ശല്യം സംബന്ധിച്ച പരാതികൾ സമീപവാസികൾ ശ്രദ്ധയിൽപ്പെടു ത്തുന്നുണ്ട്. ആഴ്ചയിൽ ഒന്നിൽ കൂടുതൽ തവണ ബന്ധപ്പെട്ട ഏജൻസി മാലിന്യം കൊണ്ടുപോകുന്നതിലൂടെ ഒരു പരിധിവരെ മാലിന്യം കെട്ടിക്കിടക്കുന്ന അളവ് ഇപ്പോൾ കുറക്കാനാകുന്നുണ്ട്.

2) മാലിന്യ കൈമാറ്റ കാര്യക്ഷമത

ഗ്രാമപഞ്ചായത്തിലെ മാലിന്യ ശേഖരണത്തിൽ ഹരിതകർമ്മസേന മികച്ച പ്രവർത്തനം തന്നെ കാഴ്ചവെക്കുന്നതായി കാണുന്നു. മാലിന്യ ശേഖരണത്തിനായി കലണ്ടർ മുൻകൂട്ടി തയ്യാറാക്കുകയും ഷെഡ്യൂൾ ചെയ്ത പ്രകാരം മാലിന്യ ശേഖരണം നടത്തുകയും ചെയ്യുന്നുണ്ട്. ഹരിത കർമ്മ സേനാംഗങ്ങളും, ജനപ്രതിനിധികളും, ഉദ്യോഗസ്ഥരും, കുടുംബശ്രീ പ്രവർത്തകരുടേയും കൂട്ടായ പരിശ്രമത്തിലൂടെ ഗ്രാമ പഞ്ചായത്തിലെ മിക്ക ഭവനങ്ങളെയും സ്ഥാപനങ്ങളെയും മാലിന്യ ശേഖരണത്തിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. ഹരിതമിത്രം ആപ്പ് സംവിധാനം ഉപയോഗിച്ച് വരുന്നുണ്ട്. കൃത്യമായ ഇടവേളകളിൽ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ MCF-ലേക്ക് എത്തിക്കുന്നു. തരം തിരിച്ച ശേഷം പാഴ്വസ്തുക്കൾ മാസത്തിൽ പല തവണകളായി ബന്ധപ്പെട്ട ഏജൻസിക്ക് കൈമാറുന്നു.

3)മാലിന്യ സംഭരണ ശേഷി

1) ദിവസേന കൈകാര്യം ചെയ്യുന്ന ശരാശരി മാലിന്യത്തിന്റെ അളവ് ജൈവം /അജൈവം	759 Kg അജൈവം
കൈകാര്യം ചെയ്യുന്ന മാലിന്യത്തിനനുസൃതമായി MCFന് ആവശ്യത്തിന് വിസ്തൃതിയുണ്ടോ	ഇല്ല
2)ആകെ വിസ്തൃതി [A)ടാപ്പിങ് ഏരിയ -204.33 B)സ്റ്റോറേജ് ഏരിയ-340.545 C)സോർട്ടിങ് ഏരിയ-272.44 D)മെഷിനറി എരിയ-136.218 E) കലക്ഷൻ ഏരിയ – 408.654]	MCF-1362ച.അടി
അജൈവ മാലിന്യം എത്ര ദിവസത്തേക്ക് അന്തിമ സംഭരണ ഏരിയയിൽ സൂക്ഷിക്കാൻ കഴിയുന്നു.	7 Days

4)മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ

മാലിന്യം ഇനം തിരിക്കുന്നത്	ചെരുപ്പ്, ബാഗ്, കാർഡ് ബോർഡ്, സി.എഫ്.എൽ, സ്ക്രാപ്പ്, മരുന്ന് സ്ട്രിപ്പ്, കുപ്പി ചില്ല്, ബോട്ടിൽ, അലുമിനിയം ഫോയിൽസ്, സ്റ്റീൽ

	മുതലായവ
തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കുന്നതിന് MCF/RRF -ൽ മാലിന്യ സംസ്കരണ പ്രോട്ടോക്കോളും സുരക്ഷാ നടപടികളും പാലിക്കൽ	1.Fire Extinguisher (4) 2.Mask, Gloves, Gum Boot 3.First Aid Kit

5)ശുചിത്വമാനദണ്ഡങ്ങൾ

ഹരിത കർമ്മസേനാംഗങ്ങൾക്ക് മാസ്ക് ,ഗ്ലൗസ് ,ഗംബൂട്ട് എന്നിവ വിതരണം ചെയ്തിട്ടുണ്ട്. എം.സി.എഫും പരിസരവും വ്യത്തിയായി സൂക്ഷിച്ച് വരുന്നു.

6)യഥാസമയം മാലിന്യം കൈമാറുന്നത് സംബന്ധിച്ച്.

വാർഡുകളിൽ നിന്നും മാസം തോറും ഹരിതകർമ്മസേനാംഗങ്ങൾ അജൈവമാലിന്യം ശേഖരിക്കുന്നു. അവ വാഹനത്തിൽ MCFൽ എത്തിച്ചശേഷം സെഗ്രിഗേറ്റ് ചെയ്ത് മൂല്യമുള്ള സാധനങ്ങൾ ലോക്കൽ മാർക്കറ്റിൽ വില്ക്കുകയും റിജക്ടഡ് വേസ്റ്റ് ഗ്രാമ പഞ്ചായത്തുമായി കരാറിലേർപ്പെട്ടിട്ടുള്ള സ്ഥാപനത്തിന് നൽകുകയും ചെയ്യുന്നു.

മറ്റു വിവരങ്ങൾ

ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി ഹരിത കർമ്മസേനയുടെ പേരിൽ കേരള ഗ്രാമീണ ബാങ്ക്, തുവ്വൂർ ശാഖയിൽ 40204101066793 -ാം നമ്പർ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. വീടുകളിൽ നിന്ന് മാലിന്യം ശേഖരിക്കുന്നതിന് വീട് ഒന്നിന് 50/- രൂപയും, കടകൾക്ക് 100/- രൂപയും ഫീസ് ഈടാക്കി വരുന്നു. ആയത് പിരിക്കുന്നതിന് പ്രത്യേകം തയ്യാറാക്കിയ രശീത് ബുക്കുകൾ ഉപയോഗിക്കുന്നു.

ആകെ വരവ്		ആകെ ചെലവ്	
ഗ്യാപ്പ് ഫണ്ട്	NIL	ഹരിത കർമ്മസേന ശമ്പളം	2487695
യൂസർ ഫീ	2330240	പർച്ചേസ്	29260
സ്ക്രാപ്പ് വിൽപ്പന	232627	മറ്റ് ചെലവ്	3673
മറ്റ് വരവ്	6310		
ആകെ	2569177		2520628

2023-24 വർഷത്തിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി താഴെ കാണിച്ച തുക വകയിരുത്തി ചെലവഴിച്ചിട്ടുണ്ട് -

ക്രമ നം.	പ്രോജക്ട്	ഫണ്ടിനം	അടങ്കൽ	ചെലവ്	റിമാർക്സ്
1	ക്ലീൻ തുവ്വൂർ മാലിന്യം കയറ്റി അയക്കൽ പദ്ധതി S0012/2024	ധനകാര്യ കമ്മീഷൻ അവാർഡ്	2692768	1753220	-
2	എം.സി.എഫ് ഇലക്ട്രിഫിക്കേഷനും മോട്ടോർ സ്ഥാപിക്കലും S0014/2024	ധനകാര്യ കമ്മീഷൻ അവാർഡ്	200000	0	-
3	ക്ലീൻ തുവ്വൂർ മാലിന്യം കയറ്റി അയക്കൽ പദ്ധതി S0160/2024	ധനകാര്യ കമ്മീഷൻ അവാർഡ്	400964	0	-
4	ഹരിത കർമ്മസേനക്ക് യൂനിഫോം, ചാക്ക് എന്നിവ വാങ്ങൽ S0233/2024	ധനകാര്യ കമ്മീഷൻ അവാർഡ്	75000	0	-
5	എം.സി.എഫിൽ സി.സി.ടി.വി സ്ഥാപിക്കൽ S0234/2024	ധനകാര്യ കമ്മീഷൻ അവാർഡ് തനത് ഫണ്ട്	130000 35250	0 17280	-
6	എം.സി.എഫ് വാടക നൽകൽ S0235/2024	ധനകാര്യ കമ്മീഷൻ	30000	0	-

		അവാർഡ് തനത് ഫണ്ട്			
7	ഹരിത കർമ്മസേന ഡ്രൈവർക്ക് വേതനം നൽകൽ S0095/2024	ധനകാര്യ കമ്മീഷൻ അവാർഡ് തനത് ഫണ്ട്	300000	122300	

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) ഹരിതകർമ്മസേന അംഗങ്ങളുടെ കുറവ് മാലിന്യ ശേഖരണത്തിനും സംസ്കരണത്തിനും ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്. ഹരിത കർമ്മസേനയിലേക്ക് കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്തി വിപുലീകരിക്കേണ്ടതുണ്ട്.

2) കലക്ട് ചെയ്ത് കൊണ്ട് വരുന്ന മാലിന്യം ബന്ധപ്പെട്ട സ്ഥാപനം കൊണ്ട് പോകാൻ വൈകുന്ന അവസരങ്ങളിൽ ആയത് സൂക്ഷിക്കുന്നതിന് വളരെയധികം സ്ഥലം ഉപയോഗിക്കേണ്ടതായും വരുന്നു. റിജക്റ്റഡ് മാലിന്യം സമയബന്ധിതമായി നീക്കം ചെയ്യുന്നതിന് ബന്ധപ്പെട്ട ഏജൻസിയ്ക്ക് ആവശ്യമായ നിർദ്ദേശം നൽകേണ്ടതുണ്ട്.

3) മാലിന്യ നിർമ്മാർജ്ജനം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തേണ്ടതും പൊതുജനങ്ങൾക്കിടയിൽ മാലിന്യ സംസ്കരണം മത്സര ബുദ്ധിയോടെ കൈകാര്യം ചെയ്യുന്ന സാഹചര്യം സൃഷ്ടിക്കാൻ ആവശ്യമായതുമായ ബോധവല്കരണം നടത്തുകയും ചെയ്യേണ്ടതായിട്ടുണ്ട്.

4) മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള ബോധവൽക്കരണം നടത്തേണ്ടതാണ്.

1-12 തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. അസിസ്റ്റന്റ് എഞ്ചിനീയറുടെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം ചുവടെ ചേർത്ത കരാറുകാർ 2023-24 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് പരിധിയിൽ വിവിധ പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം- സെക്ഷൻ 204, 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ ഏതെങ്കിലും തൊഴിലിലോ, കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും നിർണയിക്കപ്പെട്ട പരമാവധി നിരക്കിൽ അധികരിക്കാതെ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ തൊഴിൽ നികുതി രജിസ്റ്ററിൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ആയതിനാൽ താഴെ പറയുന്ന കരാറുകാർ 60 ദിവസത്തിലധികം ഗ്രാമപഞ്ചായത്ത് പരിധിയിൽ മേൽ പ്രകാരം ജോലിയിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ അവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

ക്രമ നമ്പർ	കരാറുകാരന്റെ പേര്
1	മുഹമ്മദ് അബ്ദുൾ റസാക്ക്
2	അനീസ് ബാബു .പി
3	മുഹമ്മദ് ഷാജഹാൻ
4	റഹ്മത്തുള്ള.എൻ.കെ
5	ഗോകുൽ
6	നൗഫൽ .എം

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥരായവരിൽ നിന്നും ഒന്നും രണ്ടും അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (എൻകുയറി നം. 19/23.08.2024) കരാറുകാരിൽ നിന്നും തൊഴിൽ നികുതി അടവാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും റേഷൻ

കട ഉടമകൾക്ക് നിർദേശം നൽകിയിട്ടുണ്ടെങ്കിലും നാളിത് വരെ അടവാക്കിയിട്ടില്ല എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി സ്വീകരിച്ച് തുക അടവാക്കി രേഖാമൂലം വിവരം അറിയിക്കേണ്ടതാണ്.

1-13 ടർഫിന് വസ്തുനികുതി ചുമത്തിയിട്ടില്ല.

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ് 05.04.2023 ലെ സ.ഉ.(അ)നം. 25/2023/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്തിലെ കെട്ടിടങ്ങളുടെ ഉപയോഗക്രമം അനുസരിച്ച് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ 2023 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ ഉൾപ്പെടുത്തി വിജ്ഞാപനം ചെയ്തിരുന്നു. ആയത് പ്രകാരം സ്വിമ്മിംഗ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ എന്നിവക്ക് ച.മീറ്ററിന് 25 രൂപ മുതൽ 45 രൂപ വരെ അടിസ്ഥാന വസ്തു നികുതി നിശ്ചയിക്കേണ്ടതാണ്. ആയത് പ്രകാരം പഞ്ചായത്ത് പരിധിയിലെ മേൽ ഇനങ്ങൾക്ക് ചതുരശ്ര മീറ്ററിന് 30 രൂപ നിശ്ചയിച്ചിട്ടുണ്ട്. പ്രാദേശികമായ അന്വേഷണത്തിൽ പഞ്ചായത്ത് പരിധിയിൽ ടർഫ് പ്രവർത്തിച്ച് വരുന്നതായറിഞ്ഞു. പഞ്ചായത്ത് പരിധിയിലെ ടർഫുകളുടെ നികുതി നിർണയ രേഖകൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (എൻകൃയറി നം. 32/27.08.2024) വാർഡ് 13ൽ സ്ഥിതി ചെയ്യുന്ന 13/14 A നമ്പറുള്ള ടർഫിന് 2021-22 സാമ്പത്തിക വർഷത്തിലാണ് വസ്തുനികുതി ചുമത്തിയതെന്നും 24.7 ച.മീ. ഉള്ള ഓഫീസ് കെട്ടിടത്തിന് മാത്രമാണ് അന്ന് വസ്തുനികുതി ചുമത്തിയതെന്നും വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഫീൽഡ് തല പരിശോധന നടത്തുന്നുണ്ടെന്നും ആയതിന്റെ ഭാഗമായി മേൽ ഉത്തരവ് പ്രകാരമുള്ള വസ്തുനികുതി ഈടാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

1-14 മുൻകൂറുകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ 31.03.2024 തീയ്യതിയിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18ലെ ശീർഷകങ്ങളുടെ ലെഡ്ജർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ പ്രകാരം വിവിധ ആവശ്യങ്ങൾക്കായി നൽകിയ മുൻകൂറുകളിൽ താഴെപ്പറയുന്ന തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട് .

ക്രമനം	അക്കൗണ്ട് ശീർഷകം	01.04.2023 തീയ്യതിയിലെ മുന്നിരിപ്പ് തുക (₹)	31.03.2024 തീയ്യതിയിലെ നീക്കിയിരിപ്പ് തുക (₹)
1	Temporary Advance For Official Purpose	15,460	15,460
2	Other Advances	39,400	39,400
3	Advance To Implementing Agencies - Deposit With Kerala Water Authority	62,000	62,000
4	Advance To Implementing Agencies - Deposit With Ground Water Department	0	8,71,673
5	Advance To Other Authorised Agencies	1,10,012	1,10,012
6	Advance To Implementing Officers	3,74,000	7,33,553
7	Advance To Mahatma Gandhi NREGA/AUEGS Administrative Expense	11,45,619	12,55,704
8	Advance To Others	95,266	95,266
	ആകെ	**18,41,757**	**31,83,068**

അഡ്വാൻസ് രജിസ്റ്ററിൽ മുന്നിരിപ്പ് തുകയുടെ വിശദാംശം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ, ഏത് തീയ്യതി മുതലുള്ള മുൻകൂറുകളാണ് ക്രമീകരിക്കാൻ അവശേഷിക്കുന്നതെന്ന് മനസ്സിലാക്കാനായിട്ടില്ല. വിവിധ ഇനങ്ങളിലായി അവശേഷിക്കുന്ന മുൻകൂർ തുകകൾ ക്രമീകരിക്കാൻ നടപടി സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (എൻകൃയറി നം. 27/24.08.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മുൻകൂറുകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-15 പൊതു കുടിവെള്ള ടാപ്പുകൾ -സംയുക്ത പരിശോധന നടത്തേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

ഗ്രാമപഞ്ചായത്തിൽ 17 വാർഡുകളിലായി 70 പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജ് ഇനത്തിൽ പ്രതിമാസം 84928/- രൂപ (4/23) അടവാക്കുന്നതായി കാണുന്നു (@ വർഷം 14560 വീതം 1 ടാപ്പിന്)

തൻവർഷം ഈയിനത്തിൽ 1019136/-രൂപ ചെലവുണ്ട് . വാർഡ് തിരിച്ചുള്ള പൊതുടാപ്പുകളുടെ വിവരം ലഭ്യമാക്കിയിട്ടില്ല. ജലജീവൻ മിഷൻ പദ്ധതി പഞ്ചായത്തിൽ പ്രവർത്തനക്ഷമമാകുന്ന മുറയ്ക്ക് പൊതു ടാപ്പുകൾ കാലോചിതമായി ഒഴിവാക്കി വ്യക്തിഗത ടാപ്പുകൾക്ക് ഊന്നൽ നൽകണമെന്ന് സർക്കാർ പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി യഥാർത്ഥ ഡിമാന്റിന്റെ അടിസ്ഥാനത്തിൽ വാട്ടർ ചാർജ്ജ് ക്രമീകരിക്കാൻ സ്വീകരിച്ച നടപടി (സംയുക്ത പരിശോധന) വിവരം ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം : 2/19.8.24) തുടർ നടപടി സ്വീകരിച്ച് വിവരം സമർപ്പിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

1-16 തെരുവ് വിളക്ക് -സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ -സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

പഞ്ചായത്തിൽ 17 വാർഡുകളിലായി തെരുവ് വിളക്ക് വൈദ്യുത ചാർജ്ജ് ഇനത്തിൽ വാർഷിക കണക്ക് പ്രകാരം പ്രതി വർഷം 304377/- രൂപ തൻവർഷം ചെലവ് വന്നിട്ടുണ്ട് (3/2024 ൽ 25261/-). നിലവിൽ പഞ്ചായത്ത് രേഖകൾ പ്രകാരം 17 വാർഡുകളിലായി എത്ര തെരുവ് വിളക്കുകൾ ഉണ്ടെന്ന വവിരം ലഭ്യമാക്കേണ്ടതാണ്. പൂർണ്ണമായും എൽ.ഇ.ഡി ബൾബുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. പഞ്ചായത്ത് മുഴുവനായും സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ പൂർത്തീകരിക്കാത്തതിനാൽ മീറ്റർ റീഡിങ് അടിസ്ഥാനത്തിലല്ല കെ.എസ്.ഇ.ബിയുടെ ഡിമാന്റ്. ആതയിനാൽ ഡിമാന്റിൽ കൃത്യതയില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പഞ്ചായത്ത് ഇത് സംബന്ധിച്ച് KSEB യുമായി സംയുക്ത പരിശോധന നടത്തിയത് സംബന്ധിച്ച ഫയൽ ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ വാർഡ് മെമ്പർമാരുടെ അഭിപ്രായം തേടേണ്ടതും (വാർഡുകളിലെ എല്ലാ ഉപകരണങ്ങളും പ്രവർത്തനക്ഷമമാണോ എന്ന വിവരം) ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. യഥാർത്ഥത്തിൽ മേൽപ്പറയും പ്രകാരം ഉള്ളവ പ്രവർത്തിക്കുന്നുണ്ടോയെന്നും പ്രതിമാസം 2 ഇലക്ട്രിക്ക് ഡിവിഷനുകളിലായി പ്രതിമാസം 25261/- രൂപയുടെ വൈദ്യുതി ചാർജ്ജ് അടവാക്കേണ്ടി വരുന്നതിന്റ നിജസ്ഥിതി സംയുക്ത പരിശോധന നടത്തി ഉറപ്പാക്കേണ്ടതുമാണ്. നിലവിലെ KSEBയുടെ ഡിമാന്റ് നോട്ടീസ് രേഖകൾ ഹാജരാക്കേണ്ടതും സർക്കാർ ഉത്തരവ് പ്രകാരം പൂർണ്ണതോതിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചതിന്റ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:3/19.8.24)തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി നൽകി .

1-17 ലൈബ്രറി സെസ്സ് അടവാക്കൽ -സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

സംസ്ഥാന ലൈബ്രറി കൗൺസിലിലേക്ക് ഓരോ അർദ്ധ വർഷവും പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ് തുക ഓരോ അർദ്ധവർഷം കഴിഞ്ഞ് 30 ദിവസത്തിനകം അടയ്ക്കേണ്ടതാണെന്ന് സർക്കുലർ നമ്പർ 17263/I3/ത.സ്വ.ഭ.വ, തീ. 29.12.2000 പ്രകാരം നിർദ്ദേശം ഉള്ളതാണ്. ഈടാക്കിയ ലൈബ്രറി സെസ്സ് കൃത്യസമയത്ത് അടവാക്കിയിട്ടില്ലെങ്കിൽ 2% പിഴപ്പലിശ സെക്രട്ടറിയുടെ ബാധ്യതയായി വരുന്നതാണ്. എന്നാൽ 2022-23 വർഷത്തെ 2 ഗഡു (22-23 ലെ II -ാം അർദ്ധവർഷം 23-24 ലെ I -ാം അർദ്ധവർഷം) ലൈബ്രറി സെസ്സ് തുക അടവാക്കിയതിൽ മേൽ സർക്കുലറിലെ വ്യവസ്ഥ പാലിച്ചിട്ടില്ല. വാർഷിക കണക്ക് പ്രകാരം (Balance Sheet B-9 പ്രകാരം) 237542.35- രൂപ അടവാക്കാൻ ഉള്ളതായി കാണുന്നു. 23-23 ൽ തുക അടവാക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയത് പ്രകാരം തുക അടവാക്കിയതിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

വൗച്ചർ നം: 22300373/22.8.2023 പ്രകാരം 177855-രൂപ (22-23 ലെ II Half)

ഇതു സംബധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:4/22.8.24) സർക്കാർ ഉത്തരവ് പ്രകാരം തുക അടവാക്കുന്നതാണെന്ന് മറുപടി നൽകി. തുടർ നടപടി വീക്ഷിക്കുന്നതാണ്.

1-18 അക്രഡിറ്റഡ് ഏജൻസി മുഖേന തെരുവ് വിളക്ക് സ്ഥാപിക്കൽ -അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ: സെക്രട്ടറി

പ്രോജക്ട് നം/പേര്	165/24 : സ്ടീറ്റ് ലൈറ്റ് പർച്ചേസ്	അടങ്കൽ/ ഫണ്ടിനം	495000(CFC)

ചെലവ്	480000/-	ബിൽ നം/തീ	39/14.7.23
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി	എഗ്രിമെന്റ് നം	4/22-23/13.2.2023
ഏജൻസി	UEIL (United Electrical India Ltd)	നിരക്ക്	30/35 W LED @3200 EACH
INVOICE NO	UEI/841/25.2.2023	30 W LED -150 NOS	UEIL – 462244.00 IT – 8878.00 GST – 8878.00

അപാകതകൾ

1. പ്രൊജക്ട് പ്രകാരം പർച്ചേസ് മാത്രമാണ് എന്നാൽ ലൈറ്റുകൾ സ്ഥാപിച്ചു നൽകുന്നതാണ് പ്രവൃത്തി.

2. പദ്ധതിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. നിലവിൽ കത്താത്ത വിളക്കുകൾ മാറ്റി എത്ര വാട്ടിന്റെ വിളക്കുകളാണ് സ്ഥാപിക്കേണ്ടത് എന്ന് തീരുമാനം ഇല്ല.

3. സ്ഥാപിക്കുന്ന വിളക്കുകളുടെ സാമ്പിൾ ഹാജരാക്കിയതിന്റെയോ, ആയതിന്റെ വിദഗ്ദ്ധ പരിശോധനയുടെ ടെസ്റ്റ് റിപ്പോർട്ട് ലഭ്യമാക്കിയതിന്റെയോ രേഖകൾ ഫയലിലില്ല.

4. UEIL ലഭ്യമാക്കിയ ലിസ്റ്റ് വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വാർഡ് മെമ്പർമാർ ലഭ്യമാക്കിയ സാക്ഷ്യപത്രത്തിൽ എത്ര വാട്ടിന്റെ വിളക്കുകളാണ് സ്ഥാപിച്ചത് എന്ന് രേഖപ്പെടുത്തിയിട്ടുമില്ല.

5. UEILന് തുകകൾ നൽകുന്നതിന് മുമ്പായി Maintenance Report തയ്യാറാക്കി ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

6. തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/16 നം. കത്തിൽ പരാമർശിച്ചതിൽ പ്രകാരം, ഉപയോഗശൂന്യമായവ ((ബ്രാക്കറ്റ് ഉൾപ്പടെ) ഗ്രാമപഞ്ചായത്ത് ഓഫീസിൽ തിരിച്ചേൽപ്പിച്ച്,(വിളക്കുകൾ മാറ്റി സ്ഥാപിക്കൽ ആണ്) അതാത് ദിവസം തന്നെ രജിസ്റ്റർ ഓഫ് അൺസർവ്വീസബ്ൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർത്തതിന്റെ വിവരവും ലഭ്യമാക്കിയിട്ടില്ല.

7.പർച്ചേസ് ചെയ്ത ബൾബുകൾക്ക് 2 വർഷത്തെ വാറന്റി കാലയളവിൽ UEIL തെരുവ് വിളക്കുകളുടെ അറ്റകുറ്റ പണി സൗജന്യമായി നിർവഹിക്കേണ്ടതുണ്ട്. എന്നാൽ ഇതു സംബന്ധിച്ച രേഖപ്പടുത്തലുകൾ നടത്തിയിട്ടില്ല.

8.അക്രഡിറ്റഡ് ഏജൻസികളുടെ പുതുക്കിയ അംഗീകാരം സംബന്ധിച്ച ഉത്തരവ് GO (P) 104/2022/ FIN/2.9.2022 പ്രകാരം UEIL ന്റ അംഗീകാരം (ക്രമനം-22)ഇലക്ട്രിക്കൽ വർക്കുകളുടെ PMC ആണ്. (അതായത് സെന്റേജ് ചാർജ്ജ് ടെണ്ടർ ക്ഷണിച്ച്, ഏറ്റവും കുറവ് രേഖപ്പെടുത്തിയ ഏജൻസിക്ക് ടെണ്ടർ നൽകുന്നത്). അത്തരത്തിൽ ടെണ്ടർ ക്ഷണിച്ചിട്ടില്ല UEIL സമർപ്പിച്ച സർക്കാർ ഉത്തരവ് (സ.ഉ (സാധാ) നം: 2330/2018/31.8.2018 പ്രകാരം UEIL ന് എൽ.ഇ.ഡി ലൈറ്റുകൾ ടെണ്ടർ കൂടാതെ വാങ്ങാൻ അനുമതി ഉണ്ട്. എന്നാൽ 2.9.2022 മുതൽക്ക് പുതുക്കിയ ഉത്തരവാണ് പ്രാബല്യം) **ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:6/21.8.24) സമർപ്പിച്ച മറുപടിയിൽ അക്രഡിറ്റഡ് ഏജൻസിക്ക് നേരിട്ട് പർച്ചേസ് നടത്താവുന്നത് സംബന്ധിച്ച ഉത്തരവോ, പ്രൈസ് ലിസ്റ്റോ ഹാജരാക്കിയിട്ടില്ല. ചെലവ് തുക 4,80,000/- രൂപ തടസ്സപ്പെടുത്തുന്നു.** അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-19-1 കുടിവെള്ള പദ്ധതിക്ക് മോട്ടോർ -അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് നം/പേര്	164/24 : വാഴക്കിളി കോളനി കുടിവെള്ള പദ്ധതി മോട്ടോർ	അടങ്കൽ/ ഫണ്ടിനം	80000(scp) 9000 (Own)

	വാങ്ങൽ		
ചെലവ്	80000/- 8736-	ബിൽ നം/തീ	19/07.2.2024 111/8-11-26
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി	എഗ്രിമെന്റ് നം	7/22-23/9.3.2023
കോൺട്രാക്ടർ	കാസിം	നിരക്ക്	എസ്റ്റിമേറ്റ്

തുക ൽകിയ വിവരം
കാസിം. പി 83300
അലി കുന്നൻ 4000
WWF 718
IT 718
അപാകതകൾ
1.പഴയ 5HP (Submerciable Open Well) മോട്ടോർ പഞ്ചായത്തിന് തിരികെ നൽകി സ്റ്റോക്കിലെടുത്ത വിവരം ലഭ്യമാക്കിയിട്ടില്ല.
2. PWD നിരക്ക് പ്രകാരം (1 HP (Open Well Submerciable) മോട്ടോറിന് എല്ലാ അനുബന്ധ സാമഗ്രികളും ഉൾപ്പെടെ പുതിയത് സ്ഥാപിക്കാൻ തയ്യാറാക്കുന്ന ഒബ്സർവ്വഡ് ഡാറ്റ നിരക്ക് (ഉത്തരവ് നം-KWA /HO/ SP/333/2011 പ്രകാരം) 13500/HP (5 Hp മോട്ടോറിന് പരമാവധി 67500-രൂപ) എന്നിരിക്കെ 5 Hp മോട്ടോറിർ 71809-രൂപ (18% ജി.എസ്.ടി ഉൾപ്പെടാതെ) ജില്ലാ പഞ്ചായത്ത് ഇലക്ട്രിക്കൽ വിഭാഗം എഞ്ചിനിയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം അനുവദിച്ചത് ക്രമപ്രകാരമല്ല. (മോട്ടോർ വില 62001-, കൂടാതെ കേബിൾ 2407-, കോളം പൈപ്പ് 3345 എന്നിവ ഉൾപ്പെടും)

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം : 25/25.8.24) ലഭ്യമാക്കിയ മറുപടിയിൽ വാട്ടർ അതോറിറ്റിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലല്ല പകരം Observed Data പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്ന സാങ്കേതിക വിദഗ്ദ്ധന്റെ മറുപടി തൃപ്തികരമല്ല. ഭാവിയിൽ അപാകത വരാതെ ശ്രദ്ധിക്കേണ്ടതാണ്. പഴയ മോട്ടോർ പഞ്ചായത്തിനെ ഏൽപ്പിക്കേണ്ടതാണ്.

1-19 കുടിവെള്ള പദ്ധതി മോട്ടോർ മാറ്റൽ- അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് നം/പേര്	164/24 : മരക്കാടൻകുന്ന് കോളനി കുടിവെള്ള പദ്ധതി മോട്ടോർ വാങ്ങൽ	അടങ്കൽ/ ഫണ്ടിനം	80000(scp) 9000 (Own)
ചെലവ്	80000/- 8736-	ബിൽ നം/തീ	5/24.6.23 22/22-6-23
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി	എഗ്രിമെന്റ് നം	6/22-23/9.3.2023
കോൺട്രാക്ടർ	കാസിം	നിരക്ക്	എസ്റ്റിമേറ്റ്

തുക ൽകിയ വിവരം
കാസിം.പി 83300
അലി കുന്നൻ 4000
WWF 718
IT 718
അപാകതകൾ
1.പഴയ 5 HP (Submerciable Open Well) മോട്ടോർ പഞ്ചായത്തിന് തിരികെ നൽകി സ്റ്റോക്കിലെടുത്ത വിവരം ലഭ്യമാക്കിയിട്ടില്ല.
2.1 HP (Open Well Submerciable) മോട്ടോറിന് എല്ലാ അനുബന്ധ സാമഗ്രികളും ഉൾപ്പെടെ പുതിയത് സ്ഥാപിക്കാൻ തയ്യാറാക്കുന്ന ഒബ്സർവ്വഡ് ഡാറ്റ നിരക്ക് (ഉത്തരവ് നം-KWA /HO/SP/333/2011 പ്രകാരം)13500/HP (5 Hp മോട്ടോറിന് പരമാവധി 67500-രൂപ) എന്നിരിക്കെ 5 Hp മോട്ടോറിർ 71809-രൂപ (18% ജി.എസ്.ടി ഉൾപ്പെടാതെ) ജില്ലാ പഞ്ചായത്ത് ഇലക്ട്രിക്കൽ വിഭാഗം എഞ്ചിനിയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം അനുവദിച്ചത് ക്രമപ്രകാരമല്ല. (മോട്ടോർ വില 62001-, കൂടാതെ കേബിൾ 2407-, കോളം പൈപ്പ് 3345 എന്നിവ ഉൾപ്പെടും)

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:7/21.8.24) ലഭ്യമാക്കിയ മറുപടിയിൽ വാട്ടർ അതോറിറ്റിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലല്ല പകരം Observed Data പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്ന സാങ്കേതിക വിദഗ്ദ്ധന്റ മറുപടി തൃപ്തികരമല്ല. ഭാവിയിൽ അപാകത വരാതെ ശ്രദ്ധിക്കേണ്ടതാണ്. പഴയ മോട്ടോർ പഞ്ചായത്തിനെ ഏൽപ്പിക്കേണ്ടതാണ്.

1-20 അഗതി രഹിത കേരളം -അവലോകനം

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

അഗതിരഹിത കേരളം പദ്ധതിയുടെ ഭാഗമായി തുവ്വൂർ കേരള ഗ്രാമീൺ ബാങ്ക് ശാഖ അക്കൗണ്ടിൽ (നം. 40204101098109)31.03.2024 ന് 239939 രൂപയാണ് നീക്കിയിരിപ്പുണ്ട്. 2023-24 ൽ പ്രൊജക്ട് നം 5/23-24 പ്രകാരം 150000 രൂപ വകയിരുത്തി 1 ഗുണഭോക്താവിന്റ വീട് നിർമ്മാണം പൂർത്തിയാക്കുകയും, പ്രൊജക്ട് നം-237/24 പ്രകാരം അഗതിരഹിത കേരളം ഗുണഭോക്താക്കളുടെ യൂസർഫീ നൽകുന്നതിന് 55800/രൂപ വകയിരുത്തി 54150/- രൂപ ചെലവഴിച്ചിട്ടുണ്ട്.

പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം, ആവശ്യങ്ങൾ, ലഭിച്ച ആനുകൂല്യങ്ങളുടെ വിവരം തുടങ്ങിയവ താഴെ പറയും പ്രകാരമാണ്.

ഭക്ഷണം(കിറ്റ്) ആവശ്യമുള്ളവർ	149 പേർക്ക്	23-24 ൽ കിറ്റ് നൽകിയിട്ടില്ല
ചികത്സ ആവശ്യമുള്ളവർ	24 പേർക്ക്	സഹായം ആർക്കും ലഭിച്ചില്ല
വീട് റിപ്പയർ	13പേർക്ക്	7പേർക്ക്സഹായം ലഭിച്ചു
വീട്	3 പേർക്ക്	3 പേർക്ക് സഹായം ലഭിച്ചു.
വിദ്യാഭ്യാസം	24 പേർക്ക്	24 പേർക്ക് നൽകി

അഗതി രഹിത കേരളം പദ്ധതി സംബന്ധിച്ച സ.ഉ (എം എസ്)നം. 252/2017/തസ്വഭവ തി.12.12.2017 നം. ഉത്തരവ് 2.5.7 പ്രകാരം എല്ലാമാസവും ഭക്ഷ്യധാന്യവും പോഷകാഹാര കിറ്റും ലഭ്യമാക്കണം 2023-24 ൽ ഫുഡ് കിറ്റ് ഇനത്തിൽ തുക ചെലവഴിച്ചിട്ടില്ല.

പദ്ധതി പ്രകാരം അഗതികൾക്ക് ആരോഗ്യ സേവനങ്ങൾ നൽകുന്നതിനുള്ള നോഡൽ ഓഫീസറായി ഗ്രാമപഞ്ചായത്തിലെ അലോപ്പതി *ആയുർവേദം*/ഹോമിയോ വിഭാഗങ്ങളിലെ ഏതെങ്കിലും ഒരു മെഡിക്കൽ ഓഫീസറെ തദ്ദേശഭരണ സ്ഥാപനം ചുമതലപ്പെടുത്തണം. എന്നാൽ നാളിതുവരെയും അപ്രകാരം ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ഗുണഭോക്താകൾക്ക് ആർക്കും തന്നെ ചികിത്സ സൗകര്യം ലഭ്യമായിട്ടില്ല.

മേൽ മാർഗ്ഗരേഖ 2.5.5 പ്രകാരം അഗതി കുടുംബങ്ങളെ സന്ദർശിച്ച് പദ്ധതി പ്രകാരമുള്ള സഹായങ്ങൾ ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിച്ച് ആയതിന്റെ രജിസ്റ്റർ സൂക്ഷിക്കണം. എന്നാൽ ആയത് പാലിക്കുന്നില്ല.

മേൽ മാർഗ്ഗരേഖ ഖണ്ഡിക 4.2.2.1 പ്രകാരം സർക്കാർ അംഗീകരിച്ച പദ്ധതിയിലെ ഭവനരഹിതരും വീട് നിർമ്മിക്കാൻ ആവശ്യത്തിന് ഭൂമിയുള്ളവരുമായ എല്ലാ അഗതികുടുംബങ്ങൾക്കും ഭവനനിർമ്മാണ സഹായം നൽകിയതിന് ശേഷം മാത്രമെ തദ്ദേശഭരണ സ്ഥാപനത്തിലെ മറ്റു കുടുംബങ്ങൾക്ക് വീട് നൽകുവാൻ പാടുള്ളു. ആകെ ഗുണഭോക്താക്കളുള്ളതിൽ ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി നൽകുകയാണ് ചെയ്തിട്ടുള്ളത്. വീട് പുനരുദ്ധാരണം ആവശ്യമുള്ള ഗുണഭോക്താക്കൾ 12 പേരുണ്ടങ്കിലും മൂന്നു പേർക്ക് മാത്രമാണ് നാളിതുവരെയും ആനുകൂല്യം ലഭ്യമായിട്ടുള്ളത്.

അഗതി രഹിത കേരളം പദ്ധതി സംബന്ധിച്ച സ.ഉ (എം.എസ്) നം. 252/2017/തസ്വഭവ തി.12.12.2017 നം. ഉത്തരവ് പ്രകാരം എ എ വൈ കാർഡില്ലാത്ത അഗതി കുടുംബങ്ങൾക്ക് ആയത് ലഭ്യമാകുന്നത് വരെ റേഷൻ കടകളിൽ നിന്നോ മറ്റു സിവിൽ സപ്ലൈസ് സ്ഥാപനങ്ങളിൽ നിന്നോ ഭക്ഷ്യധാന്യം വാങ്ങി നൽകാവുന്നതും, ഭക്ഷ്യധാന്യങ്ങളുടെയും പരിപ്പു വർഗ്ഗങ്ങളുടെയും വിതരണം സി ഡി എസും ബന്ധപ്പെട്ട അയൽകൂട്ടങ്ങളും ഉറപ്പു വരുത്തേണ്ടതുമാണ്. റേഷൻ കടകളിൽ നിന്നും ലഭ്യമാകുന്നതിൽ കൂടുതൽ ധാന്യം നൽകേണ്ടതുണ്ടെങ്കിൽ മാത്രമാണ് സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിൽ നിന്നും

വാങ്ങി നൽകാവുന്നത്. റേഷൻ കാർഡില്ലാത്ത അഗതി കുടുംബങ്ങൾക്ക് ആയത് ലഭ്യമാകുന്നത് വരെ പരമാവധി ഒരു വർഷത്തേക്ക് മാത്രമാണ് നൽകാവുന്നത്. പോഷകാഹരകുറവുള്ള ഗുണഭോക്താക്കൾക്ക് ആവശ്യമായ ഭക്ഷണ സാധനങ്ങൾ പി എച്ച് സി മെഡിക്കൽ ഓഫീസറുടെ സഹായത്തോടെ തിട്ടപ്പെടുത്തേണ്ടതും, പോഷണത്തിൽ ഉണ്ടാകുന്ന പുരോഗതി വിലയിരുത്തേണ്ടതും ഒരു ഹെൽത്ത് കാർഡിൽ വിവരം രേഖപ്പെടുത്തി നിരീക്ഷിക്കേണ്ടതുമാണ്.

ഭക്ഷ്യധാന്യങ്ങൾ വാങ്ങി നൽകുന്നതിനപ്പുറം കാര്യങ്ങൾ നടത്തിയിട്ടില്ല. നിലവിൽ ഭക്ഷ്യകിറ്റും ലഭ്യമാക്കുന്നില്ല. 241658 രൂപ നീക്കിയിരിപ്പുണ്ടെങ്കിലും പ്രവർത്തനം നിലച്ച നിലയിലാണ്. ഗുണഭോക്താക്കളുടെ ആവശ്യം നിർണ്ണയിച്ചതിലും വീഴ്ച സംഭവിച്ചിട്ടുണ്ട്. ശരിയായി ആവശ്യങ്ങൾ നിർണ്ണയിക്കുവാനോ, നിർണ്ണയിച്ചവ ലഭ്യമാക്കുവാനോ സാധിച്ചിട്ടില്ല. പട്ടികവർഗ്ഗ വിഭാഗക്കാർ അധിവസിക്കുന്ന ഗ്രാമപഞ്ചായത്തിൽ കേവലം 1 ഗുണഭോക്താവ് മാത്രമാണ് പദ്ധതിക്ക് കീഴിൽ വന്നിട്ടുള്ളത്. അവരുടെ തന്നെ ഭക്ഷ്യകിറ്റ് നൽകുന്നതൊഴിച്ചാൽ മാറ്റാവശ്യങ്ങൾ നിർണ്ണയിച്ചിട്ടുമില്ല. പട്ടികജാതിക്കാരായ ഗുണഭോക്താക്കളുടെ കാര്യത്തിലും ഇതേ അവസ്ഥയാണുള്ളത്.

പദ്ധതിയുടെ പുരോഗതി വിലയിരുത്തുവാൻ ചുമതലപ്പെട്ട വിലയിരുത്തൽ സമിതിയുടെ പ്രവർത്തനവും നാമമാത്രമാണ്.പദ്ധതിയുടെ പ്രവർത്തനം സംബന്ധിച്ച് മോണിറ്ററിംഗ് നടത്തുകയോ മറ്റുതരത്തിലുള്ള ഇടപെടലുകളോ സമിതി നടത്തിയതായി വിവരമില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:9/22.8.24)സമർപ്പിച്ച മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചത് അംഗീകരിക്കുന്നു. അപാകതകൾ പരിഹരിക്കേണ്ടതാണ്.

1-21 ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ഡെപ്പോസിറ്റ്- വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് നം/പേര്	45/24 : അംഗനവാടികൾക്ക് കുഴൽക്കിണർ	അടങ്കൽ/ ഫണ്ടിനം	1800000 (CFC)
ചെലവ്	871673/-	ബിൽ നം/ തീയതി	152/27.11.23 -483000 245/03.02.24 -388673
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി	എഗ്രിമെന്റ് നം	4/23-24/5.11.23

മേൽ പ്രോജക്ട് പ്രകാരം കേരള ഗ്രൗണ്ട് വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം.
ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:8/22.8.24) വിനിയോഗ വിവരം ലഭ്യമാവുന്ന മുറയ്ക്ക് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചു . തുക (8,71,673/-) തടസ്സപ്പെടുത്തുന്നു.

1-22 ജൽജീവൻ മിഷൻ -തുടർ നടപടി വിവരം ലഭ്യമാക്കിയിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് നം/പേര്	163/24 ജൽജീവൻ മിഷൻ	അടങ്കൽ/ ഫണ്ടിനം	926250 (പ്ലാൻ ജനറൽ)
ചെലവ്	926250/-	ബിൽ നം/ തീ	12/18.11.23 -476250 18/7.2.24 -450000
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി	എഗ്രിമെന്റ് നം	181/21-22/AE/ AGPM/28.3.2022

മേൽ പ്രോജക്ട് പ്രകാരം തുവ്വൂർ വില്ലേജിൽ അക്കരപ്പുറം പ്രദേശത്ത് അരിമ്പ്ര തയ്യാൽ മുഹമ്മദാലി എന്നവരിൽ നിന്ന് 25 സെന്റ് (സർവ്വേ നമ്പർ 149/340/2-2) @37050/സെന്റ് വിലയിൽ 926250/-രൂപ നൽകി ആധാരം നടത്തിയിട്ടുണ്ട്. സ്ഥലം വാട്ടർ അതോറിറ്റിക്ക് കൈമാറി പദ്ധതിയുടെ തുടർ നടപടി വിവരം

ലഭ്യമാക്കേണ്ടതാണ്.
നിലവിൽ താഴെപ്പറയുന്ന പ്രൊജക്ടുകൾ പഞ്ചായത്ത് നടപ്പിലാക്കി വരുന്നുണ്ട്.
1. പ്രൊജക്ട് 45/24 പ്രകാരം അംഗണവാടികൾക്ക് കുടിവെള്ളം 1800000/-രൂപ വകയിരുത്തി 871673/- രൂപ ചെലവഴിച്ചു
(ബിൽ നമ്പർ. 152/27-11-23)
2. 164/24 മരക്കാടൻക്കുന്ന് കോളനി കുടിവെള്ള പദ്ധതി 89000 രൂപ വകയിരുത്തി 88736 രൂപ ചെലവഴിച്ചു
(ബിൽനമ്പർ. 21/22-6-23)
3. 162/24 വാഴക്കിളി കോളനി കുടിവെള്ള പദ്ധതി 89000 രൂപ വകയിരുത്തി 88723 രൂപ ചെലവഴിച്ചു
(ബിൽ നമ്പർ. 110/8-11-23)
4. പ്രൊജക്ട് 43/24 പ്രകാരം അംഗണവാടികൾക്ക് കുടിവെള്ളം 1040000/-രൂപ വകയിരുത്തി .
5. പ്രൊജക്ട് 236/24 പ്രകാരം പാമ്പ്രക്കുളം കുടിവെള്ളം 100000/-രൂപ വകയിരുത്തി .
6. പ്രൊജക്ട് 219/24 പ്രകാരം മാത്തോത്ത് കുടിവെള്ള പദ്ധതി 1801308/-രൂപവകയിരുത്തി 1666880 രൂപ ചെലവഴിച്ചു
(ബിൽ നമ്പർ. 32/4-7-23)
7. പ്രൊജക്ട് 194/24 പ്രകാരം ഊത്താലക്കുന്ന് കുടിവെള്ള പദ്ധതി 200000 രൂപ വകയിരുത്തി 199736 രൂപ ചെലവഴിച്ചു
(ബിൽ നമ്പർ. 329/23-3-24)
പഞ്ചായത്തിൽ ജൽജീവൻ മിഷൻ ആരംഭിച്ചാൽ മറ്റ് പദ്ധതികൾക്ക് തുക വകയിരുത്താവുന്നതല്ലെന്ന് സർക്കാർ നിർദ്ദേശമുണ്ടെന്നിരിക്കെ മേൽ പദ്ധതികൾക്ക് ഫണ്ട് വകയിരുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. **ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:10/22.8.24) സമർപ്പിച്ച മറുപടി തൃപ്തികരമല്ല.** ഓഡിറ്റ് നിർദ്ദേശം പാലിക്കേണ്ടതാണ്. ജൽജീവൻ മിഷൻ പദ്ധതി ആരംഭിച്ചതിനാൽ പുതിയ കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-23 FHC ക്ക് ആംബുലൻസ് വാങ്ങൽ -സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

എം.പി ഫണ്ട് ഉപയോഗിച്ച് (10 ലക്ഷം രൂപ)പി.എച്ച്.സി, തുവ്വൂരിന് വേണ്ടി ആംബുലൻസ് വാങ്ങാൻ തുക തികയാതെ വന്നതിനാൽ പ്രൊജക്ട് നം:269/23 പ്രകാരം (വൗച്ചർ നം: 22300630/24.11.23) 344000/-രൂപ എം.ഒ പി.എച്ച്.സി ക്ക് നൽകിയിട്ടുണ്ട്. പഞ്ചായത്ത് വാഹനം ഒഴികെ മറ്റ് വാഹനം വാങ്ങുന്നതിന് യഥേഷ്ടാനുമതി ഇല്ലാത്തതിനാൽ പ്രത്യേകം സർക്കാർ അനുമതി ലഭ്യമാക്കേണ്ടതുണ്ട്. ആയത് ലഭ്യമാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻകുയറിക്ക് (നം:12/22.8.24) ലഭ്യമാക്കിയ മറുപടിയിൽ ബഹു.മലപ്പുറം കളക്ടറുടെ ഉത്തരവ് (നം-36/22-23/MPLADS/DPO/MPM/RG-14) പ്രകാരമാണ് തുക അനുവദിച്ചതെന്ന മറുപടി അംഗീകരിക്കത്തക്കതല്ല. അധികച്ചെലവിനുള്ള അനുമതി ഉത്തരവ് ലഭ്യമാക്കുകയോ സർക്കാർ സാധൂകരണം ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്.

1-24 മാലിന്യ സംസ്കരണം -പ്രൊജക്ടുകൾ നടപ്പിലാക്കിയില്ല

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

